67101/22

24/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.969(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7635/എസ്.ഐ.സി–ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.കെ. കൃഷ്ണൻ,
കൊച്ചുപറമ്പിൽ, V/275,
കല്ലറ സൗത്ത് പി.ഒ.
പിൻ–686 611
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട് (സി സെക്ഷൻ), പഞ്ചായത്ത് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം–695 033
2. അപ്പീൽ അധികാരി & പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 23.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.04.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.07.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24.08.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.09.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 24.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |

RIGHT TO INFORMATION

| | |
|---|---|
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.കെ. കൃഷ്ണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ടിയാൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരി നൽകിയ മറുപടിയും തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാൻ ഉചിതമായ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 23.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, 16.03.2021 തീയതി വച്ചുളള എതിർകക്ഷി ഓഫീസിന്റെ File No. PAN2723/2021-CP(DP) എന്ന നോട്ടീസിൽ പറയുന്ന 'താമസംവിനാ' എന്നത് എത്രനാളാണ് എന്നും സെക്രട്ടറിയുടെ അനിവാര്യ ചുമതലയാണ് പൊതു സ്ഥലം കൈയ്യേറിപ്പോകാതെ സംരക്ഷിക്കപ്പെടേണ്ടത് എന്നിരിക്കെ സെക്രട്ടറി കൈയ്യേറ്റക്കാരന് അവിഹിത നേട്ടം ഉണ്ടാക്കി നൽകുന്നത് അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തി അല്ലെങ്കിൽ ടി വകുപ്പ് പ്രകാരം നടപടി എന്ന് എടുക്കുമെന്നുമാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 25.03.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ഒരു പൊതു വിവരാധികാരി പക്കലുളള വിവരം നൽകുക എന്നതാണ് വിവരാവകാശ നിയമം വിവക്ഷിക്കുന്നത് എന്നും വ്യാഖ്യാനിച്ച് നൽകാൻ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ട് വരുന്നില്ല എന്നും ടിയാന്റെ അപേക്ഷ പരിശോധിച്ചതിൽ ചോദ്യം ഒന്ന് വാക്കുകളുടെ അർത്ഥം സംബന്ധിച്ചാണെന്നും ചോദ്യം രണ്ട് നിയമ വ്യാഖ്യാനം ആവശ്യമായതാണെന്നും ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ട് വരാത്തതിനാൽ ആയത് സംബന്ധിച്ച് വിവരമൊന്നും നൽകാനില്ലെന്നുമാണ്. ആയതിനാൽ ടിയാൻ

രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, ഒരു പൊതു വിവരാവകാശ അധികാരി കൈവശം ലഭ്യമായ ഔദ്യോഗിക രേഖയിലെ വിവരങ്ങളോ ആയതിന്റെ പകർപ്പുകളോ ലഭിക്കുക എന്നതാണ് 2005 ലെ വിവരാവകാശ നിയമം വിവക്ഷിക്കുന്നത് എന്നും പരാതിക്ക് പരിഹാരം തേടൽ വ്യാഖ്യാനങ്ങളും ടിപ്പണികളും ആവശ്യപ്പെടൽ മുതലായവ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല എന്നും അപേക്ഷയിലെ ചോദ്യങ്ങൾ രണ്ടും അത്തരത്തിലുളളതായതിനാൽ ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന മറുപടി നൽകിയ ഒന്നാം എതിർ കക്ഷിയുടെ മറുപടി ശരിവക്കുന്നുവെന്നാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 18.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ താമസംവിനാ എന്ന് കാണിച്ചിരിക്കുന്നത് എത്ര നാളാണ് എന്ന് പൊതുവിവരാധികാരി വ്യക്തമാക്കി നൽകണമെന്നാണ് ആവശ്യപ്പെടുന്നതെന്നും ആയത് യുക്തിരഹിതവും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതുമല്ല എന്ന് കാണുന്നുവെന്നും എസ്.പി.ഐ.ഒ. എതിർകക്ഷി കാര്യാലയത്തിൽ കൈവശം ലഭ്യമായ വിവരം സമയബന്ധിതമായി നൽകിയിട്ടുളളതാണെന്നും ഒന്നാം അപ്പീലും സമയബന്ധിതമായി തീർപ്പാക്കിയിട്ടുളളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ട് വരുന്നില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. രണ്ടാം എതിർകക്ഷിയും ഒന്നാം എതിർകക്ഷിയുടെ മറുപടി അംഗീകരിച്ചുകൊണ്ട് മറുപടി നൽകിയതായി കാണുന്നു. ഹർജികക്ഷിക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്നത്. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുത്തില്ല. വിവരാവകാശ നിയമപ്രകാരം അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളെ സംബന്ധിച്ച് എതിർകക്ഷികൾ സമയബന്ധിതമായി നൽകിയിരിക്കുന്ന മറുപടി കമ്മീഷൻ

നിരസിക്കുന്നില്ല. എങ്കിലും ആയവ കുറച്ചുകൂടി വ്യക്തതയോടുകൂടി ഹർജികക്ഷിക്ക് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം നൽകേണ്ടതാണ് എന്ന് കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 24-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp